II ഇ.ബി.XIV-കേരള നിയമസഭ/XI-10

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 20, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

30 (*271) സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിയമം

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, 2018-ൽ നിയമസഭ പാസ്സാക്കിയ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിന് ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടി പുരോഗമിച്ചുവരികയാണെന്നും നിയമം നടപ്പിലാകുന്നതോടെ ചികിത്സാച്ചെലവുൾപ്പെടെയുള്ള കാര്യങ്ങളിൽ സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും നടത്തുന്ന ചൂഷണം തടയാൻ

സാധിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ആശുപത്രികളിലെ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കാനും നടപ്പിലാക്കാനുമുള്ള സംവിധാനം ബില്ലിന്റെ ഭാഗമായി നിലവിൽ വരുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനും ജില്ലാ/താലൂക്കുതല ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളോടെ ശക്തിപ്പെടുത്തുന്നതിനും രോഗീസൗഹൃദമാക്കുന്നതിനും ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 'ആർദ്രം മിഷന്റെ' ഭാഗമായി ഒ.പി. രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുകൂടാതെ ഫാമിലി ഹെൽത്ത് സെന്ററുകളിലടക്കം ഇ-ഹെൽത്ത് പദ്ധതി വ്യാപിപ്പിക്കുന്നതാണെന്നും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖേന പാലിയേറ്റീവ് സംവിധാനം ഏകോപിപ്പിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. മലബാർ ക്യാൻസർ സെന്ററിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അഞ്ച് മെഡിക്കൽ കോളേജുകളിൽ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിക്കുന്നതിനും തിരുവനന്തപുരം ആർ.സി.സി.-യിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. രക്തം

സ്വീകരിച്ചതിനെത്തുടർന്ന് എച്ച്.ഐ.വി. ബാധിച്ച് മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് സഹായം അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും വാഹനാപകടത്തിൽപ്പെട്ട് മരണമടഞ്ഞ പാലക്കാട് സ്വദേശിയുടെ അവയവങ്ങൾ മോഷ്ടിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടന്നുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

31 (*272) <u>ക്യാൻസർ രോഗം നേരിടുന്നതിനും നിയന്ത്രിക്കുന്നതിനും നടപടി</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്തനാർബുദം തുടക്കത്തിൽത്തന്നെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി മാമ്മോഗ്രാം, അൾട്രാസൗണ്ട് സ്കാനിംഗ് തുടങ്ങിയ പരിശോധനാ സൗകര്യങ്ങൾ റീജിയണൽ ക്യാൻസർ സെന്ററിൽ ലഭ്യമാണെന്നും ഇതുകൂടാതെ ജില്ലാ ആശുപത്രികളിലും ക്യാൻസർ ചികിത്സയ്ക്കുള്ള പദ്ധതികൾ ഏർപ്പെടുത്തിവരുന്നുണ്ടെന്നും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലെ ഡോക്ടർമാർക്ക് ഏർളി ക്യാൻസർ ഡിറ്റക്ഷൻ സംബന്ധിച്ച് ട്രെയിനിംഗ് നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ക്യാൻസർ കെയർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാന

ആശുപത്രികളിൽ മാമ്മോഗ്രാം മെഷീനുകൾ സ്ഥാപിച്ചുവരുന്നതിനു പുറമെ ആവശ്യകത കണക്കിലെടുത്ത് താലൂക്കാശുപത്രികളിൽ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ നൽകുന്നതുമാണ്. 18 വയസ്സുവരെയുള്ള കുട്ടികളുടെ ക്യാൻസർ ചികിത്സ പൂർണ്ണമായി സൗജന്യമാക്കുകയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് വിവിധ സ്കീമുകൾ പ്രകാരം ചികിത്സാനുകൂല്യം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ക്യാൻസർ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾക്കെതിരെ സ്കൂൾതലത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം 'കുട്ടി ഡോക്ടർ' സംവിധാനം സംസ്ഥാന വ്യാപകമാക്കാനും ആലോചിക്കുന്നുണ്ട്. നിർധനർക്ക് ഗവൺമെന്റ് ആശുപത്രികളിൽ കുറഞ്ഞ ചെലവിൽ ക്യാൻസർ പരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും ഇത്തരം രോഗികൾക്കുള്ള പെൻഷനും ചികിത്സാ ധനസഹായവും വർദ്ധിപ്പിക്കുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നും മലബാർ ക്യാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ആയുർദീപ്തം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്ന്

ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

32 (*273) ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുകയും ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ പ്രാഥമിക ഘട്ടം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പരിയാരത്ത് പ്രവർത്തിക്കുന്ന അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങളെ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നും ബോർഡ് ഓഫ് കൺട്രോളിന്റെ കീഴിൽ അവ പ്രവർത്തിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 625 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ കിഫ്ബിയുടെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥിരമായി ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണെന്നും തിരുവനന്തപുരത്ത് ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടെന്നും മതിയായ സജ്ജീകരണങ്ങളില്ലാതെ ആരംഭിച്ച മെഡിക്കൽ കോളേജുകളിലെ

പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3351 മുതൽ 3694 വരെയുള്ള ചോദ്യങ്ങളിൽ 45 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)